# "മോചനം"

(കുട്ടികൾക്ക് മനുഷ്യാവകാശ നിയമ സംബന്ധമായ കഥകൾ)

എം. വി. മാത്യു

വില 2 രൂപ

**MOCHANAM**
(Malayalam)

**Author:**
**M. V. MATHEW**

*Published by*
*CONSUMER NEWS BOOK CLUB*
*P. B. No. 1. Payam-670704*

**PRICE RS 2/-**

Copies
5000

Distribution by
CONSUMER NEWS BOOK CLUB
Telephone-0490-491475

Printed at
SAMMANAM PRINTERS & PUBLISHERS
Edoor-Payam P. O., Pin 670704
SSI-No-09/02/08518/PMT/SSBE/TINY/30-3-1994

# മോചനം

രാജുവും, മാണിയും, പീററും, ചന്ദ്രനും സ്കൂൾ വിട്ട് വീട്ടിലേക്ക് വരികയാണ്. ഒൻപതാം ക്ലാസ്സിൽ പഠിക്കുന്ന കൂട്ടുകാർ. രാവിലെയും വൈകുന്നേരവും ഒരുമിച്ചാണ് സ്കൂളിൽ പോകുന്നതും വരുന്നതും. ഒരു കി. മീ. ദൂരം നടന്നാണ് ഗ്രാമത്തിൽ നിന്നും അവർ സ്കൂളിലെത്തുന്നത്. ഗ്രാമത്തിനടുത്തുള്ള പട്ടണത്തിൽ സ്കൂൾ കൂടാതെ, കോളേജും മററു സ്ഥാപനങ്ങളുമുണ്ട്. ഉദ്യോഗസ്ഥൻമാരും, കർഷകരും, തൊഴിലാളികളും ഒരുമിച്ചു സഹകരിച്ചു പ്രവർത്തിക്കുന്ന സ്ഥലം.

പട്ടണത്തിന് സാമ്പത്തിക വളർച്ച നല്കുന്നത് നാലുവശവുമുള്ള എസ്റ്റേററുകളാണ്. എസ്റ്റേററിൽ ധാരാളം ജോലിക്കാരുണ്ട്. ശനിയാഴ്ച വൈകിട്ട് ശമ്പളമോ കൂലിയോ ആയി കിട്ടുന്ന പണവുമായി എല്ലാവരും ടൗണിലെത്തും. ഞായറാഴ്ച പട്ടണത്തിൽ വലിയ തിരക്കായിരിക്കും.

"അതെന്താ വലിയൊരു ആൾക്കൂട്ടം" മാണി ചോദിച്ചു.

"അതെന്താ ഇന്നു ഞായറാഴ്ചയല്ലല്ലോ", ചന്ത അല്ലല്ലോ", മീററിംഗ് മൈക്കിന്റെ ശബ്ദവുമില്ല. പിന്നെന്താണ്, ചന്ദ്രനും സംശയം.

"നമുക്കൊന്നു പോയി നോക്കാം". രാജു പറഞ്ഞു.

കൂട്ടുകാർ നാലുപേരും കൂടി ആൾക്കാരുടെ ഇടയിലൂടെ നൂണ്ടുകയറി.

"അങ്ങുമാറിനില്ക്കെടാ പിള്ളേരെ", മുതിർന്ന ഒരാൾ.

"എന്താടാ പിള്ളേരെ നിങ്ങളേയും പിടിച്ചുകൊണ്ടു പോകാനാണോ", മററൊരാൾ.

"പീറററെ നമുക്ക് പോകാം". ചന്ദ്രൻ.

"വാടാ എന്താണെന്നു നോക്കാം", പീററർ.

"എടാ പോലീസ്സുവണ്ടിയാ – വാ നമുക്കു പോകാം" ചന്ദ്രൻ.

"എന്താ കാര്യമെന്ന് നോക്കാമല്ലോ", രാജു.

"ഈ പിള്ളേരൊക്കെയെങ്ങോട്ടാ–എടാ മക്കളെ സ്കൂൾ വിട്ടാൽ വേഗം വീട്ടിൽ പൊയ്ക്കൊ", ആൾക്കൂട്ടത്തിലൊരാൾ.

"അല്ല സോമേട്ടനോ – എന്താ സോമേട്ടാ പോലീസ്സും വണ്ടിയുമൊക്കെ"-അയൽക്കാരനായ സോമനെ കണ്ട ചന്ദ്രൻ ചോദിച്ചു.

"വാ–ഞാനും വീട്ടിലോട്ടാ പോകുന്നവഴി പറയാം" സോമൻ.

"എന്താ സോമേട്ടാ പ്രശ്നം", രാജുചോദിച്ചു.

"അതോ കഴിഞ്ഞ നാലഞ്ചുവർഷമായി കാണാതിരുന്ന നാലു ചെറുപ്പക്കാരെ കണ്ടെത്തിയതാണ്", വാ - വിവരമെല്ലാം ഞാൻ പറയാം. സോമൻ അവരെയും കൂട്ടി ആൾക്കൂട്ടത്തിൽ നിന്നും ഒരു തരത്തിൽ പുറത്തുകടന്നു.

"അതെന്താ മനുഷ്യാവകാശ കമ്മീഷൻ ഇടപെട്ടതുകൊണ്ടാ ഇപ്പോൾ കണ്ടുകിട്ടിയതെന്ന് പറഞ്ഞത്". പീററർ.

"അത് അവരാണ് ഇപ്പോൾ ഇവരെ രക്ഷിച്ചെടുത്തത്", സോമൻ.



"അതെങ്ങിനെയാ മനുഷ്യാവകാശ കമ്മീഷൻ രക്ഷിക്കുന്നത്. ആ ചെറുപ്പക്കാർക്ക് എന്താണ് സംഭവിച്ചത്". രാജു ചോദിച്ചു

"വരൂ വിശദമായി ഞാൻ പറയാം", സോമൻ അവരെയും വിളിച്ച് മുന്നോട്ട് നടന്നു. അപ്പോൾ പോലീസ് വാനും പുറകെ രണ്ടു ജീപ്പും പൊടി പറത്തി മുന്നോട്ടുപോയി.

II

"എന്താ സോമേട്ടാ അവർക്ക് സംഭവിച്ചത്". രാജു സോമനോട് ചോദിച്ചു.

"അതോ മൂന്നു വർഷംമുമ്പ് ആദിവാസികളായ നാലു കുട്ടികളെ മുത്തു, മാരൻ, വീരൻ, കുങ്കൻ തോട്ടത്തിലേയ്ക്ക് പണിക്ക് കങ്കാണി കൊണ്ടുവന്നതാണ്. അവരെയാണ് ഇപ്പോൾ കൊണ്ടുപോയത്". സോമൻ പറഞ്ഞു.

"അവരെയെന്തിനാ പോലീസ്സ് വന്ന് കൊണ്ടുപോകുന്നത്. അവർ വല്ലതും തോട്ടത്തിൽ നിന്നും കട്ടെടുത്തോ". രാജുവിന് സംശയം.

തോട്ടത്തിലെ കങ്കാണി രണ്ടായിരം രൂപ വീതം കൊടുത്താണ് ഇവരെ കൊണ്ടുവന്നത്. ഒരു വർഷം കഴിയുമ്പോൾ പണിയെടുത്ത് കടം വീട്ടി ഇവരെ വിടാമെന്നാണ് പറഞ്ഞിരുന്നത്. പക്ഷെ ഒരു വർഷം കഴിഞ്ഞു വിട്ടില്ല. വർഷം നാലായിട്ടും വിട്ടില്ല".

"അവർക്കു അച്ഛനും, അമ്മയും, സഹോദരങ്ങളുമില്ലേ", പീററർ ചോദിച്ചു.

"എല്ലാവരും ഉണ്ട്. പക്ഷെ അവർ ചോദിക്കുമ്പോഴെല്ലാം കടം വീട്ടിയിട്ടില്ലെന്നു പറയും".

"അയ്യോ പോലീസ്സിൽ പരാതി കൊടുത്താൽ പോരെ ഇല്ലെങ്കിൽ ഏതെങ്കിലും നേതാക്കളോട് പറഞ്ഞാൽ പോരെ"; ചന്ദ്രന് സംശയം.

"ഇതെല്ലാം ചെയ്തു. പക്ഷെ എസ്റ്റേററ് ഉടമയും, കങ്കാണിയും രാഷ്ട്രീയ സ്വാധീനവും പണസ്വാധീനവും ഉള്ളവരായിരുന്നു. ആയതിനാൽ ആരും അത് വേണ്ടത്ര കാര്യമായി എടുത്തില്ല, സോമൻ പറഞ്ഞു. ഇപ്പോൾ ആ ചെറുപ്പക്കാരുടെ നാട്ടിലെ ഒരു സംഘടന ഈ വിവരങ്ങളും, വേണ്ടത്ര തെളിവുകളും നല്കി മനുഷ്യാവകാശ കമ്മീഷന് പരാതി നല്കി. മനുഷ്യാവകാശ കമ്മീഷൻെറ അന്വേഷണത്തിൽ പരാതി ശരിയാണെന്ന് കണ്ട് അവരെ മോചിപ്പിക്കുകയാണ് ചെയ്തത്"

"എത്രപേർ ഇനിയും നമ്മുടെ നാട്ടിൽ ഉണ്ടാകും. പണ്ടെങ്ങോ വാങ്ങിയ പണത്തിന് സ്വത്തും പോയി കൂടാതെ എല്ലാവരും പണിയെടുത്തുകൊണ്ടിരിക്കുന്നത് വർഷങ്ങളായി ജോലി ചെയ്ത് കഷ്ടപ്പെടുന്നവർ" പക്ഷെ അവരെ സംരക്ഷിക്കുവാൻ ആരും ശ്രമിക്കുന്നില്ല. സോമൻ പറഞ്ഞു.

"എന്താണ് മനുഷ്യാവകാശ കമ്മീഷൻ ഇവർ പോലീസിലും വലുതാണോ" രാജുവിന് സംശയം.

മനുഷ്യാവകാശ കമ്മീഷനെ കുറിച്ച് ഞാനും കേട്ടിട്ടേ ഉള്ളൂ. കൂടുതൽ വിവരം അറിഞ്ഞു കൂടാ; ഞാൻ മനസ്സിലാക്കി അടുത്ത ദിവസം പറയാം. സോമൻ പറഞ്ഞു. അവർക്ക് പോകേണ്ട വഴികളെത്തി. ഓരോരുത്തരുടേയും വീട്ടിലേയ്ക്ക് പോയി.

II

## 'ജീവൻെറ വില'

കണ്ടവർ കണ്ടവർ ഒന്നേ നോക്കിയുള്ളൂ. നടുറോ



ഡിൽ മോട്ടോർ സൈക്കിളും ഒരു മനുഷ്യനും കിടന്നു പിടയ്ക്കുന്നു. അടുത്തുള്ളവർ നോക്കി നില്ക്കെ ആ മനുഷ്യൻെറ പിടച്ചിൽ നിന്നു. രക്തം വാർന്നു കൊണ്ടിരുന്നു

"അല്ലാ എല്ലാവരും നോക്കിനില്ക്കുകയാണോ നമുക്കിയാളെ ആശുപത്രിയിലെത്തിക്കാം. മുഹമ്മദ് പറഞ്ഞു" "എന്തിനാടോ വെറുതെ പൊല്ലാപ്പിനു പോകുന്നേ. ഇയാളെ ആശുപത്രിയിലാക്കിയാൽ നമ്മൾ അവിടെ കാത്തിരിക്കേണ്ടിവരും. ആസ്പത്രിക്കാർ അഡ്മിററ് ചെയ്യില്ല. പോലീസ്സുകാരുടെ അനാവശ്യ ചോദ്യത്തിനും നമ്മൾ സമാധാനം പറയേണ്ടിവരും". ജോണി പറഞ്ഞു.

"അതു ശരിയാ-കഴിഞ്ഞ പ്രാവശ്യം അപകടത്തിൽ പെട്ട ആളെ കൊണ്ടുപോയിട്ട് ആസ്പത്രി എത്ര കേറിയിട്ടാണന്നാ അയാളെ ആസ്പത്രിക്കാരെടുത്തത്. ഓ-എന്തൊരു ബുദ്ധിമുട്ട്", ശിവദാസനും വിഷമം.

"അല്ല നമ്മൾ ഇങ്ങിനെ അഭിപ്രായം പറഞ്ഞോണ്ടിരുന്നാൽ ഇയാളുടെ ജീവൻ നഷ്ടപ്പെടും. നമുക്കു പോലീസ്സിലറിയിക്കാം". ജോണിയും, മുഹമ്മദും പോലീസ്സിനെ അറിയിക്കാനായി പിന്നോട്ടുമാറി.

ഈ സമയത്താണ് കോളേജ് വിദ്യാർത്ഥികളായ ഷിബുവും, മനോജും, രവിയും, നാസറും അവിടെയെത്തിയത്.

"അല്ല നാസ്സറേ, ഇതാ ആരോ അപകടത്തിൽ പെട്ടല്ലോ. എന്താ എല്ലാവരും നോക്കി നില്ക്കുന്നത്. ഇയാളെ ആസ്പത്രിയിൽ എത്തിക്കാത്തതെന്താ", ഷിബു കൂടിനിന്നവരോടു ചോദിച്ചു.

"അതൊക്കെ വലിയ ബുദ്ധിമുട്ടാ കുട്ടികളെ–പോ

ലീസ്സിലറിയിക്കാൻ പോയിട്ടുണ്ട്. അവർ വരട്ടെ–ഇയാളെ ഇടിച്ച വണ്ടിക്കാരു സ്ഥലം വിട്ടു. പിന്നെ നമ്മളെന്തിനാകൂടുതൽ കഷ്ടപ്പെടുന്നത്. പോലീസ്സ് വരും അവർവേണ്ടതുചെയ്യും''.കണ്ടുനിന്നവരിൽ ഒരാൾപറഞ്ഞു.

''നാസറെ, രവി ഇയാൾക്ക് ജീവനുണ്ട്. വേഗം ഒരു വണ്ടി വിളിക്കൂ. നമുക്കിയാളെ ആസ്പത്രിയിലാക്കാം''. മനോജ് പറഞ്ഞു.

റോഡിന്റെ നടുവിൽ കയറി അവർ ഒരുമിച്ചു നിന്നപ്പോൾ വാഹനങ്ങൾ നിന്നു. മനോജും. ഷിബുവും പരിക്കു പററി ബോധം നഷ്ടപ്പെട്ട മരണാസന്നനായ ആളെയും കൊണ്ട് ആസ്പത്രിയിലേക്ക് പുറപ്പെട്ടു.

''എന്നാലും ആ പിള്ളേര് ചെയ്ത പണിയേ? എന്തൊരു ധൈര്യമാ അവർ കാട്ടിയത്. ഇനി പോലീസ്സും കേസ്സും ഒക്കെയായി അവരുടെ പഠിത്തം നഷ്ടപ്പെട്ടതു തന്നെ''. കൂടി നിന്നവരിൽ ഒരാൾ ആത്മഗതമെന്നപോലെ പറഞ്ഞു.

''എന്താ, എന്താണുണ്ടായത്''. അപ്പോൾ അതുവഴി വന്ന പവിത്രൻ ചോദിച്ചു. പവിത്രൻ സ്ഥലത്തെ വായനശാലയുടെ സെക്രട്ടറിയും സാമൂഹ്യ പ്രവർത്തകനുമാണ്.

''ആരോ ഒരാൾ മോട്ടോർ സൈക്കിളിൽ വന്നു. അയാളെ ഒരു ലോറി തട്ടിയിട്ടു. ലോറി ഓടിച്ചു പോയി. ഞങ്ങൾ പോലീസ്സിൽ അറിയിച്ചു. പോലീസ്സെത്തും മുമ്പേ നമ്മുടെ കോളജുപിള്ളേർ ഷിബുവും, മനോജും' നാസറും. രവിയും കൂടി വണ്ടി തടഞ്ഞുനിർത്തി കേററി പോയി. ഇനി ആ കുട്ടികളുടെ കാര്യമാ കഷ്ടം. കേസ്സല്ലേ. പോലീസുകാരുടെ എന്തെല്ലാം ചോദ്യം. ഏതെങ്കിലും ആസ്പത്രിക്കാർ എടുക്കുമോ?



അയ്യയ്യോ! നമ്മൾ ഇങ്ങനെ ആയിപോയോ – പരിക്കു പററിയ ആളെ ആസ്പത്രിയിലാക്കിയതിന്റെ പേരിൽ പോലീസുകാർ കുട്ടികളെയോ മുതിർന്നവരെയോ ഒന്നും ചെയ്യത്തില്ല. ഓട്ടോറിക്ഷ ഡ്രൈവർമാർക്കും ടാക്സി ഡ്രൈവർമാർക്കും വാഹന കൂലി കൊടുക്കാനുള്ള സംവിധാനം കൂടി ആസ്പത്രിയിലുണ്ട്; – അപകടത്തിൽപെട്ട ഒരാളും റോഡിൽ കിടന്ന് മരിക്കാതിരിക്കാനാണ്. അവന്റെ മനുഷ്യാവകാശം സംരക്ഷിക്കുകയാണ് ലക്ഷ്യം-പവിത്രൻ പറഞ്ഞു.

''അല്ലാ–ഇതല്ലാം എവിടെന്നാ അറിഞ്ഞത്. ഇതെല്ലാം പറയും, പക്ഷെ കാര്യത്തോടടുക്കുമ്പോൾ അറിയാം''. വേണു പറഞ്ഞു.

''ഇതുമാത്രമല്ല അപകടത്തിൽപെട്ട ഏതു രോഗിയേയും അഡ്മിററ് ചെയ്യില്ല എന്നു പറയുവാനുള്ള അവകാശം ആർക്കുമില്ല. ആശുപത്രിയിൽ പ്രഥമ ശുശ്രൂഷ നല്കി ഇന്ന ഇന്ന കാരണങ്ങൾകൊണ്ട് രോഗിയെ മററ് ആസ്പത്രിയിലേയ്ക്ക് അയക്കുന്നു എന്ന് റിപ്പോർട്ടെഴുതിയേ രോഗിയെ അയക്കാവൂ. നമ്മുടെ പരമോന്നത നീതിപീഠമായ സുപ്രീം കോടതിയുടെ വിധിയാണ് ഇതിനെ ആരെങ്കിലും ലംഘിച്ചാൽ അവർക്കെതിരെ കോടതി അലക്ഷ്യത്തിന് കേസെടുക്കാം''. പവിത്രൻ പറഞ്ഞു. ''അല്ല ഇതൊന്നും ഞങ്ങളറിഞ്ഞില്ലല്ലോ. നമ്മുടെ രവിയും, നാസറും, ഷിബുവും, മനോജും മിടുക്കരാണല്ലോ. നമുക്കവരെ അഭിനന്ദിക്കണം''. ജോണി പറഞ്ഞു.

കുട്ടികൾ അവരെ ആസ്പത്രിയിൽ കൊണ്ടുപോയത് അവർക്ക് കോളജിൽ കിട്ടിയ ക്ലാസിന്റെ ഫലമായാണ്. പവിത്രൻ പറഞ്ഞു.

''അല്ല പവിത്രാ നമ്മുടെ വായനശാലയുടെ നേതൃത്വത്തിൽ നമുക്കും മനുഷ്യാവകാശത്തെക്കുറിച്ചും, റോഡുനിയമങ്ങളെക്കുറിച്ചും ഒരു ക്ലാസ് നടത്തണം. അ

ന്ന് നമ്മുടെ കുട്ടികളെ അവരുടെ പ്രവർത്തനത്തിൽ അഭിനന്ദിക്കുകയും വേണം. പ്രഭാകരൻ ആവശ്യപ്പെട്ടു.

''തീർച്ചയായും നിങ്ങളെല്ലാവരും ആവശ്യപ്പെട്ടാൽ നമുക്ക് വായനശാലയുടെ നേതൃത്വത്തിൽ ക്ലാസ് നടത്താം. നമ്മുടെ കുട്ടികളെ അനുമോദിക്കുകയും ചെയ്യാം''. പവിത്രൻ സന്തോഷത്തോടെ പിരിഞ്ഞുപോയി.

റോഡിൽ അപകടത്തിൽ പെട്ടു കിടന്ന വ്യക്തിയെ ആസ്പത്രിയിൽ കൊണ്ടുപോകാൻ കഴിയാത്തതിൽ എല്ലാവർക്കും ദുഃഖമുണ്ടായി.

## III

## നീതി

രവിക്ക് പന്ത്രണ്ടു വയസാണ് പ്രായം പടക്ക നിർമ്മാണശാലയിൽ ആണ് ജോലി. രവിയും കൂട്ടുകാരായ സോമനും, തോമസും, വേണുവും അവിടെ തന്നെ ജോലിചെയ്യുന്നു.

സ്കൂളിലേയ്ക്ക് കുട്ടികൾ വരുമ്പോഴും പോകുമ്പോഴും ഈ കുട്ടികൾ നോക്കിനില്ക്കും. നല്ല വേഷമണിഞ്ഞ് ബാഗും തൂക്കി നടക്കുന്ന തങ്ങളുടെ സമപ്രായക്കാരെ കാണുമ്പോൾ കണ്ണീർ വരും.

''എന്താടാ നോക്കി നില്ക്കുന്നത്. വേഗം മരുന്ന് നിറയ്ക്കെടാ''-ലോനപ്പൻ മേസ്തിരിയുടെ ശബ്ദമാണ് കുട്ടികളെ ജോലിയിലേയ്ക്ക് തിരിച്ചെത്തിക്കുന്നത്.

കുട്ടികളെക്കൊണ്ട് ജോലി ചെയ്യിക്കുന്നതിന് എല്ലാവരും എതിരാണെങ്കിലും അന്തപ്പൻ മുതലാളിയുടെ പണത്തിനുമുമ്പിൽ ആരും മിണ്ടാറില്ല.



ആയിടയ്ക്കാണ് ഗ്രാമത്തിൽ വേണു എന്ന സാമൂഹ്യ പ്രവർത്തകൻ എത്തിയത്. വേണു അന്തപ്പനെ കണ്ട് കാര്യങ്ങൾ സംസാരിച്ചെങ്കിലും കുട്ടികളെ ജോലിയിൽ നിന്നൊഴിവാക്കാൻ അന്തപ്പൻ മിനക്കെട്ടില്ല. വേണു ഉയർന്ന പോലീസ് ഉദ്യോഗസ്ഥരെയും, ഗവൺമെന്റ് ഉദ്യോഗസ്ഥരേയും കണ്ടെങ്കിലും ഫലമുണ്ടായില്ല.

കുട്ടികളെ കൊണ്ട് അപായകരമായ തൊഴിൽ ചെയ്യിക്കുന്നതിനെതിരെ വേണു മനുഷ്യാവകാശ കമ്മീഷന് പരാതി അയച്ചു. ദേശീയ മനുഷ്യാവകാശ കമ്മീഷൻ പരാതി സ്വീകരിക്കുകയും കുട്ടികളെ മോചിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുകയും ചെയ്തു.

വേണുവിന്റെ പ്രവർത്തനത്തെ എല്ലാവരും ശ്ലാഘിച്ചു.

## IV

## പീഡനം

സുനിൽ എട്ടാം ക്ലാസ്സ് വിദ്യാർത്ഥിയാണ്. ജോണും, സുനിലും, രാഘവനും ഒരുമിച്ചാണ് സ്കൂളിൽ പോകുന്നത്.

കുറെ നേരം നോക്കിനിന്നെങ്കിലും സുനിലിനെ കാണാത്തതിനാൽ കൂട്ടുകാർ സ്കൂളിലേയ്ക്കു നടന്നു.

''ഇന്നെന്താ കടയൊക്കെ അടച്ചിരിക്കുന്നത്''. ജോണി ചോദിച്ചു.

''അതാ കരിങ്കൊടിയുമുണ്ടല്ലോ''. ജാഥയായി കുറച്ചു പേർ വരുന്നുണ്ടല്ലോ''. രാഘവൻ പറഞ്ഞു.

''എന്താ മുഹമ്മദേ സംഭവം'' ജോണി എതിരെ വന്ന കൂട്ടുകാരനോടു ചോദിച്ചു.

''അറിഞ്ഞില്ലേ—നമ്മുടെ സുനിലിന്റെ ചേട്ടൻ പോലീസ് ലോക്കപ്പിൽ മരിച്ചു. അതിന്റെ പ്രതിഷേധമാ ജനങ്ങൾ പോലീസ് സ്റ്റേഷനിലേയ്ക്ക് മാർച്ച് നടത്തുവാ''. മുഹമ്മദ് പറഞ്ഞു.

അയ്യോ! ഞാൻ മൂന്നു ദിവസം മുമ്പ് സുനിലിന്റെ ചേട്ടനെ കണ്ടതാ. എന്തു നല്ല സ്വഭാവമായിരുന്നു. നല്ല ചേട്ടൻ എന്താ മുഹമ്മദേ സംഭവിച്ചത്.

പോലീസ് ചോദ്യം ചെയ്യലിനിടെ പെട്ടെന്നു മരിക്കുകയായിരുന്നു എന്നും! അതല്ല ഹൃദയ സ്തംഭനം ആണെന്നും പറയുന്നു. മുഹമ്മദ് പറഞ്ഞു.

''അല്ല സന്തോഷേട്ടനല്ലേ വരുന്നത്''. രാഘവൻ

''സന്തോഷേട്ടാ ഞങ്ങളുടെ കൂട്ടുകാരന്റെ ജ്യേഷ്ഠനാ മരിച്ചത്. ഈ മരണത്തിനൊന്നും പരിഹാരമുണ്ടാകാനാവില്ലേ''. ഭാസ്കരൻ

തീർച്ചയായും- ലോക്കപ്പുമരണങ്ങൾ കഴിയുന്നതും കുറക്കുവാൻ നമ്മുടെ നാട്ടിൽ നിയമമുണ്ട്. കൂടാതെ ''ലോക്കപ്പ് മരണ സംബന്ധമായി'' മനുഷ്യാവകാശ കമ്മീഷനെ അറിയിക്കാം.

''എന്താണീ മനുഷ്യാവകാശ കമ്മീഷൻ''

''ഒരു സുപ്രീംകോടതി ജഡ്ജിയുടെ അധികാരമുള്ള ജഡ്ജിയുടെ നേതൃത്വത്തിൽ രൂപീകൃതമാകുന്ന വിപുല അധികാരമുള്ള ഒരു കമ്മീഷനാണ് മനുഷ്യാവകാശ കമ്മീഷൻ. ഇത് 1994 ജനുവരിയിൽ പ്രവർത്തനം ആരംഭിച്ചു''.

''നമ്മുടെ സംസ്ഥാനത്തും ഈ കമ്മീഷനുണ്ടോ? കമ്മീഷന്റെ അധികാരം ഇന്ത്യ മുഴുവനിലുമാണ്. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ആസ്ഥാനം ന്യൂ



ഡൽഹിയിലാണ്''. ഓരോ സംസ്ഥാനത്തും കമ്മീഷൻ രൂപീകൃതമായി വരുന്നു.

''കേരളത്തിൽ മനുഷ്യാവകാശ കമ്മീഷനുണ്ടോ?''

ഇല്ല. കേരളത്തിൽ രൂപീകരിച്ചിട്ടില്ല. മനുഷ്യാവകാശ കമ്മീഷന് വിപുലമായ അധികാരങ്ങൾ ഉണ്ട്. സ്വന്തം പോലീസ് അന്വേഷണ സംവിധാനങ്ങൾഎല്ലാം'' സന്തോഷ് പറഞ്ഞു.

എന്തു തരം പരാതിയാണ് മനുഷ്യാവകാശ കമ്മീഷനു നല്കുക. ജോണിയുടെ സംശയം.

സ്ത്രീപീഡനം, ലോക്കപ്പ് മർദ്ദനം, രാഷ്ട്രീയ പകപോക്കൽ, ന്യൂനപക്ഷ പീഡനം, പെൺകുട്ടികളെയും, സ്ത്രീകളെയും ബലാൽസംഗം എന്നീപ്രശ്നങ്ങൾക്കൊപ്പം മനുഷ്യന്റെ അന്തസ്സിനൊത്ത് ജീവിക്കാൻ അവസരം നല്കാത്തയിടത്തെല്ലാം പരാതി നല്കാം'', സന്തോഷ് പറഞ്ഞു.

മനുഷ്യാവകാശ കമ്മീഷനെക്കുറിച്ച് പറഞ്ഞല്ലോ?. എന്താണ് അഡ്രസ്സ് ജോണി.

മനുഷ്യാവകാശ കമ്മീഷൻ, സർദാർ ഭവൻ, സൻസാദ് മാർഗ്ഗ് ന്യൂഡൽഹി-110001 എന്നാണ്.

'മനുഷ്യാവകാശ കമ്മീഷന്റെ ഘടനയെന്താണ്' പോളിന്റെ സംശയം .

നല്ല ചോദ്യം-സോമൻ പറഞ്ഞു. 'ദേശീയ മനുഷ്യാവകാശ കമ്മീഷനെ നിയമിക്കാൻ കേന്ദ്ര ഗവൺമെന്റിന് മാത്രമാണധികാരം മനുഷ്യാവകാശ കമ്മീഷനിൽ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ആയിരുന്ന ആളായിരിക്കും ചെയർമാൻ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഹൈക്കോടതി ചീഫ് ജസ്റ്റിസ്, മററ് രണ്ട് മനുഷ്യാവകാശ കാര്യങ്ങളിൽ പ്രാവീണ്യമുള്ളവർ എന്നിവരാണ് അംഗങ്ങൾ.

''മനുഷ്യാവകാശ കമ്മീഷനിൽ പോലീസ്സുകാരല്ലാതെ ജോലിക്കാരുണ്ടോ''? ജെയ്സൻെറ സംശയം

''മനുഷ്യാവകാശ കമ്മീഷന് ഒരു സെക്രട്ടറി ജനറൽ, പബ്ലിക് റിലേഷൻസ് ഓഫീസർ, രജിസ്ട്രാർ മുതൽ ജോലിക്കാരുണ്ട്. കമ്മീഷൻെറ ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് സെക്രട്ടറി ജനറൽ ആണ്''. സന്തോഷ്.

''മനുഷ്യാവകാശ കമ്മീഷനിലേയ്ക്ക് എങ്ങനെയാണ് പരാതികൾ അയയ്ക്കേണ്ടത്''? രാഘവൻെറ ചോദ്യം.

'പരാതിയുടെ വിശദീകരണം തെളിവുകളോടെ മനുഷ്യാവകാശ കമ്മീഷന് ഇംഗ്ലീഷിലയക്കാം. മററു ഭാഷകളിലായാലും കമ്മീഷൻ പരിഗണിക്കും. അത്യാവശ്യ കാര്യങ്ങൾ ഫാക്സ് വഴിയോ-ഫോൺ വഴിയോ അറിയിക്കാം.' സന്തോഷ് പറഞ്ഞു.

'സന്തോഷേട്ടാ, നമ്മുടെ സുനിലിൻെറ ചേട്ടൻെറ മരണവും മനുഷ്യാവകാശ കമ്മീഷനെ അറിയിക്കണം. കുററക്കാർ ശിക്ഷ അനുഭവിക്കണം.' മുഹമ്മദ് പറഞ്ഞു.

തീർച്ചയായും അറിയിക്കാം. എന്നാൽ ഞാൻ പോകട്ടെ. സന്തോഷ് പറഞ്ഞു.

'ഞങ്ങൾ-ഞങ്ങളുടെ സ്കൂളിൽ ഈ അറിവ് പറഞ്ഞുകൊടുക്കും. ഞങ്ങൾഒരുമിച്ച് ഒരു മനുഷ്യാവകാശ സെൻറർ രൂപീകരിക്കും. അതിനുശേഷം സന്തോഷേട്ടൻ ഞങ്ങളുടെ സ്കൂളിൽ വന്ന് ഒരു ക്ലാസ്സെടുത്തു തരണം.'

തീർച്ചയായും ഞാൻ വരാം. സന്തോഷ് നടന്നു. കുട്ടികൾ മനുഷ്യാവകാശ സെൻറർ രൂപീകരിക്കാനുള്ള തയ്യാറെടുപ്പോടെ സ്കൂളിലേക്കും പോയി.


## കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ് പ്രസിദ്ധീകരണങ്ങൾ

| | | |
|---|---|---|
| 1. | ഉപഭോക്തൃസംരക്ഷണ നിയമം സാധാരണക്കാരൻെറ നിയമം | വില 2 രൂപ |
| 2 | വനിതകളും ഉപഭോക്തൃ സംരക്ഷണ നിയമവും | വില 2 രൂപ |
| 3 | ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ പരാതി സമർപ്പിക്കുന്നതെങ്ങനെ? | വില 5 രൂപ |
| 4 | പോലീസും ജനങ്ങളും | വില 5 രൂപ |
| 5. | അളവുകളും തൂക്കങ്ങളും ഒരു വിശദീകരണം | വില 2 രൂപ |
| 6. | മായം ചേർക്കൽ കണ്ടുപിടിക്കുന്നതെങ്ങനെ? | വില 2 രൂപ |
| 7. | തിരഞ്ഞെടുത്ത തർക്കപരിഹാര ഫോറം വിധികൾ | വില 5 രൂപ |
| 8. | ബിസ്സും ഉപഭോക്താവും | വില 5 രൂപ |
| 9. | ഉപഭോക്തൃ സംരക്ഷണ നിയമം 1986, 1993 ലെ ഭേദഗതികളുൾപ്പെടെ | വില 8 രൂപ |
| 10. | എന്തിനെല്ലാം പരാതി സമർപ്പിക്കാം? | വില 2 രൂപ |
| 11. | ഉപഭോക്താക്കൾ അറിയേണ്ടും കാര്യങ്ങൾ | വില 2 രൂപ |
| 12. | ഉപഭോക്തൃ സംരക്ഷണ സമിതികളുടെ രൂപീകരണവും പ്രസക്തിയും | വില 2 രൂപ |
| 13. | ഗാന്ധിയൻ ആദർശങ്ങളും ഉപഭോക്തൃ സംരക്ഷണ നിയമവും | വില 2 രൂപ |
| 14. | ഹായ് ഐസ്ക്രീം (നിയമം കുട്ടികൾക്ക്) | വില 3 രൂപ |
| 15. | അഭിഭാഷകരെക്കുറിച്ച് നിങ്ങൾക്ക് എന്തറിയാം? | വില 5 രൂപ |
| 16. | ലഹരിയും ഉപഭോക്താവും | വില 2 രൂപ |
| 17. | കർഷകനും ഉപഭോക്തൃ സംരക്ഷണ നിയമവും | വില3 രൂപ |
| 18. | വൈദ്യുതിയും ഉപഭോക്താവും | വില 5 രൂപ |
| 19. | കെട്ടിട നിർമ്മാണവും ഉപഭോക്തൃസംരക്ഷണ നിയമവും | വില 5 രൂപ |
| 20. | ഉണരൂ! സമയമായി! | വില 1 രൂപ |
| 21. | ഇതാ നമ്മുടെ രാജാക്കൻമാർ | വില 1 രൂപ |
| 22. | കർഫ്യൂ (നിയമം കുട്ടികൾക്ക്) | വില 3 രൂപ |
| 23. | അറസ്റ്റ്-നിങ്ങളുടെ അവകാശങ്ങൾ | വില 5 രൂപ |
| 24. | എയ്ഡ്സ് | വില 5 രൂപ |
| 25. | പഞ്ചായത്തീരാജും-ഉപഭോക്താവും | വില 5 രൂപ |
| 26. | ഇന്ത്യൻ ഭരണ ഘടന (സാധാരണ ജനങ്ങൾക്ക്) | വില 100 രൂപ |
| 27. | ടെലിഫോണും ഉപഭോക്തൃ സംരക്ഷണനിയമവും | വില 10 രൂപ |
| 28. | സ്ത്രീകളും ഇന്ത്യൻ ഭരണഘടനയും | വില 5 രൂപ |
| 29. | പൊതു താല്പര്യ വ്യവഹാരം | വില 15 രൂപ |
| 30. | സമ്മാനം [ഉപഭോക്തൃസംരക്ഷണപ്രവർത്തകർക്കുള്ളഗൈഡ്] | 60 രൂപ |
| 31. | മാർച്ച് 15 | വില 5 രൂപ |
| 32. | റോഡപകടങ്ങൾ-നിങ്ങൾ എന്തുചെയ്യണം? | വില 2 രൂപ |
| 33. | ഡിസംബർ 26 | വില 5 രൂപ |
| 34. | മനുഷ്യാവകാശം | വില 5 രൂപ |
| 35. | തയ്യൽ തൊഴിലാളികളും ഉപഭോക്തൃസംരക്ഷണനിയമവും | വില5 രൂപ |
| 36. | അപകടം | വില 3 രൂപ. |
| 37. | ഭീകരൻ | വില 3 രൂപ |

പണം മണിഓർഡറായി മുൻകൂർ അയക്കുക.

കോപ്പികൾക്ക്:

കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ്, എടൂർ [illegible] 670704

# നോസർ-ഇന്ത്യ

നാഷണൽ ഓർഗനൈസേഷൻ ഫോർ കൺസ്യൂമർ എഡ്യുക്കേഷൻ ആൻറ് റിസർച്ച് (NOCER-INDIA) 1992 മാർച്ച് 15 ന് ആരംഭിച്ചു. 1993 സെപ്റ്റംബർ 29 ന് S410/93 ആയി രജിസ്റ്റർ ചെയ്തു.

കൺസ്യൂമർ വനിതാക്ലബ്ബ്, കൺസ്യൂമർ സ്റ്റുഡൻറ്സ് സെൻറർ, കൺസ്യൂമർ യൂത്ത് ക്ലബ്ബ്, ഉപഭോക്തൃ സമിതികൾ, നിയമപാഠ കളരികൾ വഴിയാണ് പ്രവർത്തനം. ഇന്ത്യയുടെ എല്ലാ ഭാഗത്തും പ്രവർത്തനം നടത്തുന്നുണ്ട്. നോസർ-ഇന്ത്യ നേതൃത്വം നല്കി സമകാലിക പ്രശ്നങ്ങളെക്കുറിച്ച് ഗവേഷണം നടത്തുകയും ആയത് പൊതുജനങ്ങളെ അറിയിക്കുകയും ചെയ്യുന്നു. കേരളത്തിൽ അമ്പത് Con Helpage Centers പ്രവർത്തനം ആരംഭിക്കുന്നു.

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന വിവരങ്ങൾ അപ്പപ്പോൾ അറിയിക്കുവാൻ കൺസ്യൂമർ ഇൻഫർമേഷൻ എക്സ്ചേഞ്ച് ക്ലബ്ബുകൾ രൂപീകരിച്ചിരിക്കുന്നു. HUMAN RIGHTS CELLS, മനുഷ്യാവകാശ സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു.

നിയമത്തെക്കുറിച്ച് അറിവു നല്കുന്ന ക്ലാസ്സുകൾ ലബോറട്ടറി ഓപ്പൺഫോറങ്ങൾ സംഘടിപ്പിക്കുക. നീതിമേളകൾ ആരോഗ്യപരമായ അറിവുകൾ, പ്രസിദ്ധീകരണങ്ങൾ, മനുഷ്യാവകാശ സംരക്ഷണം എന്നിവയാണ് പ്രവർത്തനങ്ങൾ. വെള്ളം, വൈദ്യുതി, എയ്ഡ്സ്, ടെലിഫോൺ, റേഷൻ കടകൾ തുടങ്ങിയവയാണ് W-A-T-C-H-E-R. Road accident victims and family Helpage group കൾ പ്രവർത്തിക്കുന്നു

നോസർ-ഇന്ത്യക്ക് ജാതി, മത, കക്ഷി, രാഷ്ട്രീയ ബന്ധങ്ങൾ ഇല്ല.

NOCER-INDIA യുടെ നേതൃത്വത്തിൽ എല്ലായിടത്തും പരസ്പര ചർച്ചയിലൂടെ പ്രശ്നങ്ങൾ ഒത്തുതീർപ്പാക്കുന്ന പ്രവർത്തനം നടന്നുവരുന്നു.

NOCER-INDIA ക്ക് സാമ്പത്തിക സഹായം നല്കുന്നവർക്ക് Sec 30 G. പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്

NOCER-INDIA
Payam P. O. 670704

Digitized by Thomas John Palekkudy for and on behalf of NILA Educational & Entrepreneurial Services Pvt. Ltd.

Thomas John Palekkudy